# ചാർളിചാപ്ലിൻ: ജീവിതവും സിനിമയും

അഭിലാഷ് കെ.പി രണ്ടാം വർഷ ബി.എസ്.സി. (കെമിസ്ട്രി)

ജീവിച്ചിരിക്കുമ്പോൾതന്നെ പ്രശസ്തനായ ഒരു കലാകാരനാണ് ചാർലി ചാപ്ലിൻ (Charlie Chaplin) 1089-ൽ ലണ്ടനിൽ ആണ് അദ്ദേഹം ജനിച്ചത്. മദ്യപാനിയായ അച്ഛൻ, മനോരോഗിയായിത്തീരുന്ന അമ്മ അങ്ങനെ എല്ലാവിധത്തിലും ദാരിദ്ര്യവും കഷ്ടപ്പാടും നിറഞ്ഞതായിരുന്നു ചാപ്ലിന്റെ കുട്ടിക്കാലം. ഹാസ്യാനുകരണത്തിലൂടെ അമ്മയുടെ സംഗീതപരിപാടി അനുകരിച്ചുകൊണ്ടാണ് ചാപ്ലിൻ കലാജീവിതം ആരംഭിച്ചത്. തുടർന്ന് ചാപ്ലിൻ ഫ്രെഡ് കാർനോയുടെ സംഘത്തിൽ ചേർന്ന് അമേരിക്കയിലെത്തി. അവിടെനിന്നും കീസ്റ്റോൺ എന്ന കമ്പനിക്കുവേണ്ടി ചിത്രങ്ങൾ നിർമ്മിക്കാൻ തുടങ്ങി.

സ്ത്രീകളുമായിട്ടുള്ള ബന്ധങ്ങൾ കാരണം വിവാദങ്ങൾ എന്നും അദ്ദേഹത്തിന്റെ സഹയാത്രികനായിരുന്നു. അമേരിക്കയിൽവെച്ച് കമ്മ്യൂണിസ്റ്റ് സഹയാത്രികനെന്നനിലയിലും മാനസികമായി പീഡിപ്പിക്കപ്പെട്ടു. തുടർന്ന അദ്ദേഹം സ്വിറ്റ്സർലണ്ടിൽ താമസമാക്കി. തന്റെ അൻപത്തിനാലാമത്തെ വയസ്സിൽ പ്രശസ്തനായ നാടകകൃത്ത് ഒനീലിന്റെ പതിനേഴുകാരിയായ മകൾ ഊനയെ ചാപ്ലിൻ വിവാഹം ചെയ്തു. 1977-ൽ ഒരു ക്രിസ്തുമസ് ദിനത്തിൽ പ്രശസ്തനായ ആ കലാകാരൻ മരണപ്പെട്ടു.

ചാപ്ലിന്റെ ആദ്യ മുഴുനീള സിനിമ കിഡ് (1921) ആണ്. 'തെണ്ടി'യായി അഭിനയിച്ച ചാപ്ലിനും ജാക്കി കൂഗൻ എന്ന ബാലനടനും അതിൽ ശ്രദ്ധേയമായി. ചാപ്ലിന്റെ ബാല്യകാല ദുരിതങ്ങളിലേക്ക് ശ്രദ്ധതിരിക്കുന്ന അവിസ്മരണീയമായ അനുഭവമായിരുന്നു ആ ചിത്രം.

ചാപ്ലിൻ കോമഡിയുടെ പല സവിശേഷതകളും പ്രകടമാക്കുന്ന ഒരു ചിത്രമാണ് സർക്കസ് (1928). വിശപ്പും ദാരിദ്ര്യവും പ്രണയവുമാണ് ചാപ്ലിൻ ചിത്രങ്ങളിൽ അധികവും (മെസ്സ്യൂമെർഡൂ തുടങ്ങിയ ചിലതുകൾ ഒഴികെ).

നൃത്തവുമായി ചാപ്ലിൻ കോമഡിക്കുള്ള ബന്ധം ഏറെ പ്രകടമാകുന്ന മോഡേൺ ടൈംസ് മുപ്പതുകളിലെ അമേരിക്കൻ യാഥാർത്ഥ്യം ചിത്രീകരിക്കുന്നു. ചാപ്ലിന്റെ തന്നെ സിനിമകളായ ഗോൾഡ്റഷ്, സിറ്റിലൈറ്റ്സ് എന്നിവയിലെല്ലാം വിശപ്പും പ്രണയവും പണവുമാണ് കേന്ദ്രകഥാപാത്രങ്ങൾ.

ഹിറ്റ്ലറെ കളിയാക്കിക്കൊണ്ട് ചാപ്ലിൻ നിർമ്മിച്ച ചിത്രത്തിലാണ് അദ്ദേഹം ആദ്യമായി സംഭാഷണം ഉപയോഗിച്ചത്. മൂകാഭിനയത്തിന്റെ ആ കലാകാരന്റെ രണ്ട് ശബ്ദചിത്രങ്ങളാണ് മെസ്സ്യൂ



വെർഡൂവും(Monsieru Verdooux-1947) ലൈംലൈറ്റും. ആത്മകഥാപരമായ ചിത്രങ്ങളാണിവ രണ്ടും.

പാരീസിലെ സ്ത്രീ (1923) എന്ന തന്റെ ചിത്രത്തിൽ തുടക്കത്തിൽതന്നെ ചാപ്ലിൻ തന്റെ ജീവിത വീക്ഷണം വ്യക്തമാക്കുന്നു. ഇത് വെർഡ്യൂ എന്ന ചിത്രത്തിനും യോജിക്കുന്നു. “നായകന്മാരും വില്ലന്മാരും നിറഞ്ഞതല്ല ലോകം. പക്ഷേ ദൈവം നൽകിയ എല്ലാവികാരങ്ങളുമുള്ള സ്ത്രീ പുരുഷന്മാരാൽ നിറഞ്ഞതാണ്. അറിവില്ലാത്തവർ പഴിക്കുന്നു. വിവേകികൾ സഹതപിക്കുന്നു”

പ്രശസ്തനായിരുന്ന അദ്ദേഹത്തെക്കുറിച്ച് ധാരാളം പുസ്തകങ്ങൾ ഇറങ്ങിയിട്ടുണ്ട്. MY Autobiography എന്ന പേരിലാണ് അദ്ദേഹത്തിന്റെ ആത്മകഥ പുറത്തിറങ്ങിയത്. “ലോകസിനിമ കണ്ടതിൽ വച്ചേറ്റവും വലിയപ്രതിഭ” എന്ന് സറ്റൗൾ അദ്ദേഹത്തെ പ്രശംസിക്കുന്നു. ഐൻസ്റ്റീൻ, ബാസിൻ, ബെലാസ്, സാർത്ര്, ത്രീഫേ റോമർ, എജീ എന്നീ പ്രശസ്തരെല്ലാം അദ്ദേഹത്തെക്കുറിച്ചെഴുതിയിട്ടുണ്ട്. ഡേവിഡ് റോബിൻസണും ജോൺ മക്കാബും എഴുതിയ രണ്ടു പുസ്തകങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തെയും ചിത്രങ്ങളെയുംകുറിച്ച് പരിചയപ്പെടുത്തുന്നു.

ഹിറ്റ്ലർ ജനിച്ച അതേ കൊല്ലത്തിലും അതേ മാസത്തിലുമാണ് ചാപ്ലിന്റെ ജനനമെന്നത് വിചിത്രമായ യാദൃച്ഛികമാണ്. മീശയുടെ കാര്യത്തിൽ ഇവർ തമ്മിലുള്ള സാദൃശ്യം ശ്രദ്ധേയമാണ്. ഉയരക്കുറവിന്റെ കാര്യത്തിലും ഇവർ തമ്മിൽ ബന്ധമുണ്ട്. ഈ സാഹോദര്യത്തിന്റെ ചിത്രീകരണം കൂടിയാണ്. ‘ദ ഗ്രേറ്റ് ഡിക്ടേറ്റർ’ എന്നു കരുതാം. പീഡകനായ ഏകാധിപതിയുടെയും പീഡിതനായ യഹൂദ ക്ഷുരകന്റെയും കഥാപാത്രങ്ങളെ ചാപ്ലിൻ ഒരേ സമയം അവതരിപ്പിച്ചു. നെപ്പോളിയനെക്കുറിച്ചും ഒരു പടം നിർമ്മിക്കാൻ ചാപ്ലിൻ ശ്രമിക്കുകയുണ്ടായി.

ഹിറ്റ്ലറുമായി അദ്ദേഹത്തെ ബന്ധപ്പെടുത്തുന്നതുപോലെ യേശുവുമായുള്ള അദ്ദേഹത്തിന്റെ ആത്മീയ ബന്ധവും പരിഗണിക്കേണ്ടതുണ്ട്.

ഒരു ചിത്രത്തിന്റെ നിർമ്മാണ ഘട്ടത്തിൽ ‘ജീവിതം യാദൃശ്ചികതയാണ് ’ എന്ന് ചാപ്ലിൻ തന്റെ സഹസംവിധായകനോട് പറയുകയുണ്ടായി. ചാപ്ലിന്റെ ജീവിതത്തിലും ഇത് വ്യക്തമാവുന്നുണ്ട്. തന്റെ ജനനത്തിൽ വിചിത്രമായ ഒരു യാദൃശ്ചികതയുടെ വളരെ അടുത്തുവന്നു നിൽക്കുകയാണ് ചാപ്ലിൻ. എന്നാൽ മരണത്തിന്റെ കണിശമായ ഒരു യാദൃശ്ചികതയാലാണ്ചാപ്ലിൻ ചെന്നെത്തിയത്. 1977-ലെ ക്രിസ്തുമസ് ദിനത്തിന്റന്ന് പുലർകാലത്തായിരുന്നു ചാപ്ലിൻ മരണമടയുന്നത്. അങ്ങനെ ജനനംകൊണ്ട് ഹിറ്റ്ലറോടും മരണംകൊണ്ട് യേശുവിനോടും ബന്ധുത പുലർത്താൻ അദ്ദേഹത്തിനു കഴിഞ്ഞു.

അവസാനം വെർഡ്യൂ എന്ന ചിത്രത്തിൽ ഒന്നും പ്രതീക്ഷിക്കാനില്ലാത്ത വെർഡ്യൂ, തന്റെ ജീവിതനിയോഗം പൂർത്തിയാക്കിയ ഒരു വിശുദ്ധനെപ്പോലെ, അതേസമയം അന്തസ്സു കൈവിടാത്ത കേവലം മനുഷ്യനായി, തനിയേ നടന്നുപോകുന്നു. ശേഷം വരുന്ന നിശബ്ദതയിലേക്ക്.



ഹിറ്റ്ലർ ജനിച്ച അതേ കൊല്ലത്തിലും അതേ മാസത്തിലുമാണ് ചാപ്ലിന്റെ ജനനമെന്നത് വിചിത്രമായ യാദൃച്ഛികമാണ്. മീശയുടെ കാര്യത്തിൽ ഇവർ തമ്മിലുള്ള സാദൃശ്യം ശ്രദ്ധേയമാണ്. ഉയരക്കുറവിന്റെ കാര്യത്തിലും ഇവർ തമ്മിൽ ബന്ധമുണ്ട്. ഈ സാഹോദര്യത്തിന്റെ ചിത്രീകരണം കൂടിയാണ്. ‘ദ ഗ്രേറ്റ് ഡിക്ടേറ്റർ എന്നു കരുതാം.